**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4712** **19-07-2022 - ൽ മറുപടിയ്ക്ക്**

**തെയ്യം കലാകാരൻമാർക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം തെയ്യം കലാകാരൻമാർക്ക് തൊഴിൽ ചെയ്യാൻ സാധിക്കാത്തതിനാൽ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരി മൂലം ഉപജീവനം നഷ്ടപ്പെട്ട ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തിര ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നം. 191/2020/സാം.കാ.വ തീയതി, 16.04.2020 പ്രകാരം കലാകാരന്മാർക്ക് 640 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപാ വീതം അനുവദിച്ചിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 290.50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ധനസഹായ പദ്ധതികളിൽ തെയ്യം കലാകാരന്മാരും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കലാകാരൻമാർക്ക് എന്തെല്ലാം | (ബി) | സാംസ്കാരിക വകുപ്പ്ഡ്യക്ഷ കാര്യാലയം മുഖേന |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | | അർഹരായ കലാകാരൻമാർക്ക് പ്രതിമാസ ക്ഷേമപെൻഷനും, ചികിത്സാ ധനസഹായവും നൽകി വരുന്നു. ടി പദ്ധതിയിൽ അർഹരായ തെയ്യം കലാകാരൻമാരും ഉൾപ്പെടുന്നു.<br><br>നാടൻകലാ രംഗത്ത് പ്രവർത്തിക്കുന്ന, രോഗം മൂലം അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് രോഗത്തിന്റെ കാഠിന്യം അനുസരിച്ച് പരമാവധി 25000/- രൂപ വരെ ചികിത്സാ സഹായമായി ഫോക് ലോർ അക്കാദമി അനുവദിക്കുന്നുണ്ട്. കൂടാതെ അന്യം നിന്നു പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് വേണ്ടി നാടൻകല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേക്ക് നൽകിവരുന്നുണ്ട്. തെയ്യം ഉൾപ്പെടെയുള്ള വിവിധ നാടൻ നാട്ടുകലകളിൽ പ്രാവിണ്യം നേടിയ കലാകാരൻമാർക്ക് പ്രതിവർഷം പുരസ്കാരങ്ങളും അക്കാദമി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ